## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **06.12.2018-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നവകേരള നിർമ്മാണ പ്രവർത്തനങ്ങളിൽ ടൂറിസം മേഖലയ്ക്കായി എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്; | എ) പ്രളയത്തിൽ തകർന്ന ടൂറിസം മേഖലയിലെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാര മേഖലയിൽ ഉണർവുണ്ടാകുന്നതിനായി "Post Flood Campaign" എന്ന പ്രത്യേക ക്യാമ്പയിൻ ആവിഷ്കരിക്കുകയുണ്ടായി. ആലപ്പുഴ പുന്നമട കായലിൽ 66-ാമത് നെഹ്റു ട്രോഫി ബോട്ട് റേസ് 10.11.2018 ൽ നടത്തുകയുണ്ടായി. കൂടാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിയ്ക്ക് ശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചരണം നടത്തുകയും ചെയ്തു.<br><br>ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി പുന:സ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി.

2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-

3. മൺട്രോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446/-

4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030/-

നവകേരള നിർമ്മാണ പ്രവർത്തനങ്ങളിൽ ടൂറിസം വകുപ്പിന് ഫണ്ടൊന്നും അനുവദിച്ചിട്ടില്ല.

മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് സ്കീം കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജന പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഹരിത പെരുമാറ്റ ചട്ടം നിലവിൽ വന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഘട്ടംഘട്ടമായി മൂന്നുവർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു.

ബി) പ്രളയം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ടൂറിസത്തിലൂടെ വരുമാനം നേടാനുള്ള സാധ്യത ആരായുന്നതിനായി സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ബി) ഉണ്ട്. പ്രളയം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ടൂറിസത്തിലൂടെ വരുമാനം കണ്ടെത്താനുള്ള സർവ്വേ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് ഡിസംബർ മാസാവസാനം സംഘടിപ്പിക്കുന്നതാണ്. സർവ്വെ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രളയബാധിത പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു.

സി) ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

സി) നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ